**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയം ഭരണ വകുപ്പ് - എറണാകുളം ജില്ലയിലെ കുമ്പളം ഗ്രാമപഞ്ചായത്ത് കേരള പഞ്ചായത്ത് ബിൽഡിംഗ് റൂൾസ് ലംഘിച്ച് കെട്ടിട നിർമ്മാണം നടത്തിയതുമായി ബന്ധപ്പെട്ട് ശ്രീ. ഹബീബ് റ്റി.ബി. സൂപ്പർവൈസർ എ രജിസ്ട്രേഷൻ (രജിസ്ട്രേഷൻ നമ്പർ. G6 3229/10/206/SA) സർട്ടിഫിക്കേറ്റ് കൊച്ചി നഗരകാര്യ റീജിയണൽ ജോയിന്റ് ഡയറക്ടർ സസ്പെന്റ് ചെയ്തത് - അപ്പീൽ ഹർജി -തീർപ്പാക്കി -- ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**തദ്ദേശ സ്വയംഭരണ (ആർബി) വകുപ്പ്**

സ.ഉ (സാധാ) നം. 3172/2016/തസ്വഭവ തീയതി തിരുവനന്തപുരം 23/11/2016.

---

പരാമർശം:- 1). കൊച്ചി നഗരകാര്യ റീജിയണൽ ജോയിന്റ് ഡയറക്ടറുടെ 18.3.2016 ലെ ജി6-3231/15 നമ്പർ ഉത്തരവ്.

2). ശ്രീ. ഹബീബ് റ്റി.ബി. 6.4.16 ന് സർക്കാരിന് സമർപ്പിച്ച അപ്പീൽ ഹർജി.

3). കുമ്പളം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 26.9.2016 ലെ എ.2-6007/16 നമ്പർ കത്ത്.

4). കൊച്ചി നഗരകാര്യ റീജിയണൽ ജോയിന്റ് ഡയറക്ടറുടെ 23.9.16 ലെ ജി6 – 3231/15 നമ്പർ കത്ത്.

**ഉത്തരവ്**

ശ്രീ. അനസ് ഹസൻ എന്ന വ്യക്തിക്ക് കൊമേഴ്സ്യൽ ബിൽഡിംഗ് കാറ്റഗറിയിൽ (F) കെട്ടിടം നിർമ്മിക്കുന്നതിന് കുമ്പളം ഗ്രാമപഞ്ചായത്തിൽ നിന്നും അനുവദിച്ച A2/6810/14 തീയതി 8/12/2014 പെർമിറ്റിൽ 888.16 $M^2$ വലിപ്പത്തിലുള്ള കെട്ടിടം നിർമ്മിക്കുന്നതിന് പ്ലാൻ തയ്യാറാക്കി സമർപ്പിച്ചിരിക്കുന്നത് 'ശ്രീ. റ്റി.ബി. ഹബീബ്' എന്ന 'സൂപ്പർവൈസർ ഗ്രേഡ് 'എ' യിലുള്ള ലൈസൻസിയാണെന്നും ചട്ടപ്രകാരം ടിയാന് 750 Sq.m വരെയുള്ള പ്ലാൻ അപ്രൂവ് ചെയ്യുന്നതിന് മാത്രമേ അധികാരമുള്ളൂ എന്നും ടൗൺ പ്ലാനിംഗ് വിജിലൻസ് വിഭാഗം കണ്ടെത്തി. തുടർന്ന് ടിയാന്റെ 'സൂപ്പർവൈസർ ഗ്രേഡ് 'എ' രജിസ്ട്രേഷൻ 28/3/2016 മുതൽ ഒരു വർഷത്തേക്ക് സസ്പെൻറ് ചെയ്ത് രജിസ്റ്ററിംഗ് അധികാരിയായ കൊച്ചി നഗരകാര്യ റീജിയണൽ ജോയിന്റ് ഡയറക്ടർ പരാമർശം (1 ) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചു.

2. മേൽപറഞ്ഞ ഉത്തരവിനെതിരെ ശ്രീ.ഹബീബ് റ്റി.ബി. പരാമർശം (2) പ്രകാരം KPBR Rule 114 (9) പ്രകാരം സർക്കാരിന് അപ്പീൽ ഹർജി സമർപ്പിച്ചു.

3. പ്രസ്തുത അപ്പീൽ ഹർജി സംബന്ധമായി അപ്പീൽ വാദിയെ 22.9.16 ൽ തദ്ദേശ സ്വയംഭരണ വകുപ്പ് ഗവൺമെന്റ് അണ്ടർ സെക്രട്ടറി നേരിട്ട് കേട്ടു. അപ്പീലിലും നേരിട്ടു കേട്ടപ്പോഴുമായി താഴെ പറയുന്ന വാദമുഖങ്ങൾ അപ്പീൽ വാദി ബോധിപ്പിച്ചു.

4. 2010 മുതൽ താൻ സൂപ്പർവൈസർ എ ആയി പ്രവർത്തിച്ചുവരികയാണെന്നും, ശ്രീ. അനസ് ഹസൻ എന്ന വ്യക്തി തന്നെ സമീപിച്ച് ഷോപ്പ് നിർമ്മാണത്തിന് വേണ്ടി ബാങ്കിൽ നിന്നും ലോൺ എടുക്കുന്നതിന് കെട്ടിടത്തിന്റെ പ്ലാൻ വരച്ച് കൊടുക്കുവാൻ ആവശ്യപ്പെട്ടിരുന്നു എന്നും, ആയത് തന്റെ അറിവോ സമ്മതമോ കൂടാതെ കുമ്പളം പഞ്ചായത്തിൽ സമർപ്പിച്ച ടിയാൻ നിർമ്മാണാനുമതി നേടി എന്നും, തനിക്ക് 73 വയസ്സുള്ള ഒരു മാതാവും, രണ്ട് കുട്ടികളും ഉള്ള ഒരു കുടുംബമുണ്ടെന്നും, തനിക്ക് മറ്റൊരു തൊഴിൽ അറിയില്ലായെന്നും അതിനാൽ രജിസ്ട്രേഷൻ സസ്പെന്റ് ചെയ്ത നടപടി പിൻവലിക്കണമെന്നും ടിയാൻ അപേക്ഷിച്ചു.

5. മേൽപറഞ്ഞ അപ്പീൽ ഹർജിയിലെ വാദങ്ങൾ സംബന്ധിച്ച് പരാമർശം (3) ലെ കുമ്പളം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ റിപ്പോർട്ടും പരാമർശം (4) ലെ കൊച്ചി നഗരകാര്യ റീജിയണൽ ജോയിന്റ് ഡയറക്ടറുടെ റിപ്പോർട്ടും വിശദമായി പരിശോധിച്ചു.

6. 2011 ലെ കേരളാ പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 144 Responsibilities and functions of registered Architects etc ആണ്. ആയതിലെ clause (5) പ്രകാരം രജിസ്ട്രേഷൻ ലഭിച്ചിട്ടുള്ള വിഭാഗത്തിൽ മാത്രമായി ഒരു Architect/Licensee/Supervisor തന്റെ പ്രവർത്തനം പരിമിതപ്പെടുത്തേണ്ടതാണ്. ഈ വ്യവസ്ഥ ലംഘിച്ചാൽ രജിസ്റ്ററിംഗ് അധികാരിയ്ക്ക് ബന്ധപ്പെട്ട ലൈസൻസിക്ക് എതിരേ നടപടി സ്വീകരിക്കാം sub clause (8) പ്രകാരം മൂന്ന് വർഷത്തിൽ കവിയാത്ത കാലത്തേക്ക് രജിസ്ട്രേഷൻ സസ്പെന്റ് ചെയ്യാം. ബാങ്കിന് സബ്മിറ്റ് ചെയ്യുവാനായി തന്റെ അധികാരപരിധി ലംഘിച്ച് പ്ലാൻ അപ്രൂവ് ചെയ്തു നൽകി എന്ന വാദം അംഗീകരിക്കത്തക്കതേയല്ല. എന്നാൽ ചെയ്തത് തെറ്റാണ് എന്ന് അപ്പീൽവാദി 'ഹിയറിംഗ് വേളയിൽ ' സമ്മതിയ്ക്കുകയും , ഇനി അപ്രകാരം സംഭവിക്കുകയില്ല എന്ന് രേഖാമൂലം ബോധിപ്പിക്കുകയും ചെയ്തു.

7. മേൽപ്പറഞ്ഞ സാഹചര്യത്തിൽ ശ്രീ. ഹബീബ് റ്റി.ബി. യ്ക്ക് 18/3/2016 ലെ ജി.6-8231/15 നമ്പർ ഉത്തരവ് പ്രകാരം കൊച്ചി നഗരകാര്യ റീജിയണൽ ജോയിന്റ് ഡയറക്ടർ നൽകിയ 'സൂപ്പർവൈസർ ഗ്രേഡ് 'എ' രജിസ്ട്രേഷൻ 28/3/2016 മുതൽ ഒരു വർഷത്തേയ്ക്ക് സസ്പെന്റ് ചെയ്തുകൊണ്ടുള്ള ശിക്ഷ 28/3/2016 മുതൽ 9 മാസത്തേയ്ക്ക് എന്നാക്കി ഇളവ് ചെയ്തുകൊണ്ടും KPBR ചട്ടം 114 (II) പ്രകാരം അപ്രകാരം അപ്പീൽ തീർപ്പാക്കിക്കൊണ്ടും ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,
അബ്ദുൾ കലാം. എം
അണ്ടർ സെക്രട്ടറി

റീജിയണൽ ജോയിന്റ് ഡയറക്ടർ, നഗരകാര്യ വകുപ്പ്, കൊച്ചി
ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്), തിരുവനന്തപുരം
ശ്രീ.ഹബീബ് റ്റി. ബി.
താണപ്പറമ്പിൽ ഹൗസ്, നെട്ടൂർ പി.ഒ., എറണാകുളം - 682 040 (By Registered Post)
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), തിരുവനന്തപുരം
സെക്രട്ടറി, കുമ്പളം ഗ്രാമപഞ്ചായത്ത്, എറണാകുളം
ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് ഡിപ്പാർട്ട്മെന്റ്, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ തിരുവനന്തപുരം(ഈ ഉത്തരവ് വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുവാനായി)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ